**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1517** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഗൃഹശ്രീ ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2021-22 കാലയളവിൽ ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് പ്രയോജനം ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; | (എ) | 2021-2022 കാലയളവിൽ ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം 273 കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. 2021-22 കാലയളവിൽ ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള കണക്ക് 1) തിരുവനന്തപുരം - 16 വീടുകൾ, 2) കൊല്ലം - 4 വീടുകൾ, 3) പത്തനംതിട്ട - 3 വീടുകൾ, 4) ആലപ്പുഴ - 9 വീടുകൾ, 5) കോട്ടയം - 19 വീടുകൾ, 6) ഇടുക്കി - 3 വീടുകൾ, 7) എറണാകുളം - 6 വീടുകൾ, 8) തൃശ്ശൂർ - 41 വീടുകൾ, 9) പാലക്കാട് - 74 വീടുകൾ, 10) മലപ്പുറം - 63 വീടുകൾ, 11) കോഴിക്കോട് - 19 വീടുകൾ, 12) വയനാട് - 7 വീടുകൾ, 13) കണ്ണൂർ - 3 വീടുകൾ, 14) കാസർഗോഡ് - 6 വീടുകൾ ആകെ - 273 വീടുകൾ. |
| (ബി) | 2021-22 വർഷത്തിൽ ഇ.ഡബ്ല്യൂ.എസ്./ എൽ.ഐ.ജി. ഭവന പദ്ധതി പ്രകാരം എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | കോഴിക്കോട് ജില്ലയിൽ മുക്കത്ത് രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിയ്ക്കായി ബോർഡിന് ലഭ്യമാക്കിയ ഭൂമിയിൽ ഉൾപ്പെട്ട 45.89 സെന്റ് ഭൂമിയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 3 നിലകളുള്ള 3 കെട്ടിടത്തിൽ 2 കിടക്ക മുറികളുള്ള 36 ഭവന യൂണിറ്റുകൾ ആണ് നിർമ്മിക്കുന്നത്. പദ്ധതിയുടെ നിർമ്മാണം പുരോഗമിച്ച് കൊണ്ടിരിക്കുന്നു. കണ്ണൂർ ജില്ലയിൽ പട്ടുവത്തും രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിക്കായി ബോർഡിന് ലഭ്യമാക്കിയ ഭൂമിയിൽ ഉൾപ്പെട്ട 53.14 സെന്റ് ഭൂമിയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 3 നിലകളുള്ള 3 ബ്ലോക്കുകളിൽ 36 ഭവന യൂണിറ്റുകൾ ആണ് നിർമ്മിക്കുന്നത്. പദ്ധതിയുടെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. വയനാട് ജില്ലയിലെ തൃക്കൈപ്പെറ്റ – രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽ മേപ്പാടി പഞ്ചായത്തിൽപ്പെടുന്ന തൃക്കൈപ്പെറ്റ വില്ലേജിൽ 83.38 സെന്റ് ഭൂമിയിൽ 18 വീടുകൾ നിർമ്മിക്കുന്നു. |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ നിർമ്മാണം പുരോഗമിച്ച് കൊണ്ടിരിക്കുന്നു. നഗരസഭകളിൽ നടപ്പിലാക്കി വരുന്ന Pradhan Manthri Awas Yojana ഭവന പദ്ധതികളിൽ എൽ.ഐ.ജി. വിഭാഗക്കാരെ ഉൾപ്പെടുത്താറുണ്ട്. |
| (സി) | മെഡിക്കൽ കോളേജുകൾക്ക് സമീപമുള്ള ആശ്വാസ് വാടക ഭവന പദ്ധതിയുടെ പ്രവർത്തനം വിശദമാക്കാമോ; പ്രസ്തുത പദ്ധതി എവിടെയൊക്കെ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ മെഡിക്കൽ കോളേജിൽ ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും മെഡിക്കൽ കോളേജുകൾക്ക് സമീപം മിതമായ നിരക്കിൽ വാടകയ്ക്ക് താമസ സൗകര്യം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണ് ആശ്വാസ് പദ്ധതി. ഭവന നിർമ്മാണ ബോർഡ് ഇപ്പോൾ ആലപ്പുഴ, തൃശ്ശൂർ മെഡിക്കൽ കോളേജുകൾക്ക് സമീപം ആശ്വാസ് വാടക വീട് പദ്ധതി നടപ്പാക്കി വരുന്നു. തൃശ്ശൂർ ആശ്വാസ് പദ്ധതി ഒരു ബ്ലോക്കിൽ 2 നിലകളിലായി 75 കിടക്കകളാണ് വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി ഒരു വർഷ കാലയളവിൽ പൂർത്തിയാക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. ഇപ്പോൾ ഏകദേശം 45% വർക്കുകൾ പൂർത്തിയായി. ആലപ്പുഴ ആശ്വാസ് പദ്ധതി 150 പേർക്ക് താമസ സൗകര്യം ഈ പദ്ധതിയിൽ ഒരുക്കിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണം പുരോഗമിച്ച് കൊണ്ടിരിക്കുന്നു. കൂടാതെ കണ്ണൂരിലും പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ടെണ്ടർ ക്ഷണിക്കുകയും വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ